**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 86** **09-10-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധന മേഖലയിലെ നിയമലംഘനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം,<br>ശ്രീ. എ. കെ. എം. അഷ്റഫ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യബന്ധന ട്രോളർ ബോട്ടുകളിൽ ദൂരപരിധി ലംഘിച്ച് തീരത്തോടടുത്ത ഭാഗത്തുനിന്ന് മത്സ്യബന്ധനം നടത്തുന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തെ 9 തീരദേശ ജില്ലകളിലെയും തീരപ്രദേശത്ത് പ്രധാനമായും രാത്രികാലങ്ങളിൽ ട്രോളിംഗ് ബോട്ടുകൾ കരവലി നടത്തുന്നത് കണ്ടെത്തിയിട്ടുണ്ട്. ആയത് തടയുന്നതിനായി ഫിഷറീസ് വകുപ്പും, മറൈൻ എൻഫോഴ്സ്മെന്റും, കോസ്റ്റൽ പോലീസും സംയുക്തമായി പട്രോളിംഗ് നടത്തുകയും നിയമലംഘനം നടത്തുന്ന ഇത്തരം ബോട്ടുകളെ കണ്ടുകെട്ടി കേരള സമുദ്ര മത്സ്യബന്ധന നിയമന്തണ നിയമം പ്രകാരമുള്ള പിഴ അടക്കമുള്ള കർശന ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിലും ഈ സാമ്പത്തിക വർഷം ഇതുവരെയുമായി സംസ്ഥാനത്തൊട്ടാകെ 99 മത്സ്യബന്ധനയാനങ്ങൾക്കെതിരെ ഇത്തരം നിയമലംഘനത്തിന് നടപടിയെടുത്തിട്ടുണ്ട്. 1,80,45,140/- രൂപ പിഴയിനത്തിൽ ഈടാക്കിയിട്ടുമുണ്ട്.<br><br>കേരള സമുദ്ര മൽസ്യബന്ധന നിയന്ത്രണ നിയമം 1980 (ഭേദഗതി നിയമം 2017) പ്രകാരം കൊല്ലംകോട് മുതൽ പറവൂർ പൊഴിക്കര വരെ തീരത്തു നിന്ന് 30 മീറ്റർ ആഴത്തിനപ്പുറവും പറവൂർ പൊഴിക്കര മുതൽ ബങ്കാരമഞ്ചേശ്വരം വരെ തീരത്തു നിന്നും 20 മീറ്റർ ആഴത്തിനപ്പുറവും മാത്രമാണ് യന്ത്ര വല്കൃത മത്സ്യബന്ധന ബോട്ടുകൾക്ക് മത്സ്യബന്ധനം നടത്താൻ അനുമതി നൽകിയിട്ടുള്ളത്. പ്രസ്തുത 30 മീറ്റർ ആഴത്തിനും 20 മീറ്റർ ആഴത്തിനും അകത്ത് മത്സ്യബന്ധനം നടത്തുന്നതിന് പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾക്ക് മാത്രമാണ് അനുമതി നൽകിയിട്ടുള്ളത് . കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം 1980 (ഭേദഗതി നിയമം 2017) ലെ പ്രസ്തുത നിയമം ലംഘിച്ച് മത്സ്യബന്ധനം നടത്തുന്ന യന്ത്രവൽകൃത മത്സ്യബന്ധന യാനങ്ങളെ നിയന്ത്രിയ്ക്കുന്നതിന് ഫിഷറീസ് വകുപ്പ്, |

| | | | |
|---|---|---|---|
| | | | മറൈൻ എൻഫോഴ്സ്മെന്റ്, കോസ്റ്റൽ പോലീസ് എന്നിവരുടെ സംയുക്ത പ്രവർത്തനത്തിലൂടെ കെ.എം.എഫ്.ആർ.ആക്ട് കർശനമായി നടപ്പിലാക്കിക്കൊണ്ട് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അന്യ സംസ്ഥാന ബോട്ടുകൾക്ക് സംസ്ഥാനത്തിന്റെ തീരക്കടലിലൂടെ ഹാർബറുകളിൽ പ്രവേശിക്കുന്നതിനും ഹാർബറുകളിലെ സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനും വാർഷിക പെർമിറ്റ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട് . |
| (ബി) | ഇപ്രകാരമുള്ള മത്സ്യബന്ധനം മത്സ്യങ്ങളുടെ വംശനാശത്തിന് ഇടയാക്കുന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | വംശനാശത്തിന് ഇടയാകുന്നില്ലെങ്കിലും ഇത്തരം മത്സ്യബന്ധനം മൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സാധാരണ ലഭിച്ചുകൊണ്ടിരിക്കുന്ന മത്സ്യത്തിന്റെ അളവിൽ കുറവുണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം ഉൾപ്പെടെയുള്ള നിയമലംഘനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് മറൈൻ എൻഫോഴ്സ്മെന്റിനെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (സി) | കെ.എം.എഫ്.ആർ. ആക്ടിന്റെ നടത്തിപ്പിന് ഫിഷറീസ് സ്റ്റേഷനിലെ ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർമാരെ സഹായിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ള ഒരു വിഭാഗമാണ് മറൈൻ എൻഫോഴ്സ്മെന്റ്. പ്രസ്തുത വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനായി ഫിഷറീസ് വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 08-06-2023 ൽ മന്ത്രിതല മീറ്റിംഗിലെ തീരുമാന പ്രകാരം മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ നിലവിലുള്ള 13 ഒഴിവുകളിലേയ്ക്ക് പോലീസ് വകുപ്പിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ അടിയന്തിരമായി നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി അടിസ്ഥാന സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നത്, നിലവിലുള്ള ഉദ്യോഗസ്ഥരുടെ ഭരണ നിയന്ത്രണം തുടങ്ങിയ വിഷയങ്ങളുൾപ്പെടുത്തി സമഗ്രമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരിക്കുകയാണ്. |

സെക്ഷൻ ഓഫീസർ